REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരള സന്ദർശനത്തിന്റെ നാലാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കും.**
- **ദേശീയ റോസ്ഗർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 51,000ത്തിലേറെ നിയമന പത്രങ്ങൾ കൈമാറും.**
- **ഊർജ്ജ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ രാവിലെ മലമ്പുഴയിൽ ആരംഭിക്കും.**
- **സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധത്തിന് വിലക്ക്.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമി ഫൈനലിൽ**

## വാർത്തകൾ വിശദമായി

കേരള സന്ദർശനത്തിന്റെ നാലാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കും. കോട്ടയത്തെ കുമരകത്തു നിന്നു രാവിലെ പത്തുമണിയോടെ ദ്രൗപദി മുർമു കൊച്ചിയിലേക്ക് പോകും. ചടങ്ങിന്ന് ശേഷം കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് രാഷ്ട്രപതി വൈകിട്ട് ഡൽഹിയിലേക്ക് മടങ്ങും.

രാഷ്ട്രപതിയുടെ സന്ദർശനത്തിന്റെ ഭാഗമായി കോട്ടയത്തും കൊച്ചിയിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ രാവിലെ എട്ടരയ്ക്ക് മുമ്പ് പ്രവർത്തനം ആരംഭിക്കണം.

ഇന്നലെ വൈകിട്ട് പാലാ സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി രാഷ്ട്രപതി പങ്കെടുത്തു. കോളജിൽ നിന്ന് ഏതാനും കിലോമീറ്റർ അകലെ ഒരു ഗ്രാമത്തിൽ ജനിച്ച മുൻഗാമിയായ KR നാരായണൻ എളിയ തുടക്കത്തിൽ നിന്ന് രാജ്യത്തെ പരമോന്നത പദവിയിലെത്തിയ ചരിത്രം രാഷ്ട്രപതി അനുസ്മരിച്ചു. വിദ്യാഭ്യാസത്തിലൂടെ തെളിയിക്കുന്ന വെളിച്ചം വ്യക്തികളുടേയും സമൂഹത്തിന്റെയും പുരോഗതിക്ക് വഴി തുറക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

ദേശീയ റോസ്ഗർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 51,000ത്തിലേറെ നിയമന പത്രങ്ങൾ കൈമാറും. 40 ഇടങ്ങളിലാണ് മേള സംഘടിപ്പിച്ചിരിക്കുന്നത്. ഗവൺമെന്റ് വകുപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും നിയമനം ലഭിച്ചവർക്ക് ഡൽഹിയിൽ നിന്ന് വീഡിയോ കോൺഫ്രൻസിലൂടെയാണ് അദ്ദേഹം നിയമനപത്രങ്ങൾ നൽകുന്നത്. നിയമനം ലഭിച്ചവരെ അദ്ദേഹം അഭിസംബോധന ചെയ്യും. 17-ാമത് റോസ്ഗർ മേളയിൽ കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗ്, സഹമന്ത്രി അജയ് തംപ്ത എന്നിവരും ഡൽഹിയിൽ പങ്കെടുക്കും.

ചെന്നൈയിലെ റോസ്ഗർ മേളയിൽ കേന്ദ്ര വാർത്താ വിതരണ സഹമന്ത്രി ഡോ. L മുരുഗൻ പങ്കെടുക്കും. തിരുവനന്തപുരത്തെ റോസ്ഗർ മേളയിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും, കോഴിക്കോട് CWRDM ഓഡിറ്റോറിയത്തിലെ ചടങ്ങിൽ റെയിൽവേ സഹമന്ത്രി V സോമണ്ണയും സംബന്ധിക്കും.

25 ഉദ്യോഗാർഥികൾ നിയമന ഉത്തരവുകൾ ചടങ്ങിൽ സ്വീകരിക്കും. തപാൽ, ആഭ്യന്തരം, വ്യോമയാനം, കമ്യൂണിക്കേഷൻ വകുപ്പുകളിലാണ് ഇവരുടെ നിയമനം. പരിപാടിക്ക് ശേഷം കോഴിക്കോട് റയിൽവേ സ്റ്റേഷൻ സന്ദർശിക്കുന്ന സഹമന്ത്രി അവലോകന യോഗത്തിലും പങ്കെടുക്കും.

✪✪✪

ഗഗൻയാൻ ആളില്ലാ പരീക്ഷണ ദൗത്യത്തിന്റെ 90 ശതമാനം ജോലികളും പൂർത്തിയായതായും ഡിസംബർ ആദ്യ ആഴ്ചയിൽ പേടകം വിക്ഷേപിക്കുമെന്നും ISRO ചെയർമാൻ ഡോ. V. നാരായണൻ അറിയിച്ചു. എസ്കേപ്പ് സിസ്റ്റം, പാരച്യൂട്ട് മൊഡ്യൂൾ, കമ്മ്യൂണിക്കേഷൻ സിസ്റ്റങ്ങൾ, മറ്റ്

സബ്സിസ്റ്റങ്ങൾ എന്നിവയുടെ ക്രൂ മൊഡ്യൂളിലെ പരീക്ഷണങ്ങൾ വിജയകരമാണെന്നും അദ്ദേഹം ബെംഗളൂരുവിൽ മാധ്യമങ്ങളോട് പറഞ്ഞു.

നിസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ പേലോഡുകൾ അടുത്ത 10 മുതൽ 15 ദിവസങ്ങൾക്കകം പ്രവർത്തനക്ഷമമാകുമെന്നും ഡോ. നാരായണൻ പറഞ്ഞു.

✪✪✪

കഴിഞ്ഞമാസം 22 ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച പുതുതലമുറ GST പരിഷ്കരണങ്ങൾ രാജ്യത്തെ പൗരന്മാർക്ക് ഒട്ടേറെ പ്രയോജനങ്ങളാണ് നൽകിയത്. GST നിരക്ക് കുറച്ചതോടെ കർഷകർക്കുണ്ടായ നേട്ടങ്ങളെ കുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

.........വോയ്സ്.......

കേന്ദ്രഗവൺമെന്റ് കാർഷികമേഖലയിൽ നികുതി നിരക്ക് കുറച്ചത് കർഷകർക്ക് വലിയ ആശ്വാസമാണ് നൽകിയത്. സ്പ്രിംഗ്ളറുകൾ, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനങ്ങൾ, വിളവെടുപ്പ് യന്ത്രങ്ങൾ എന്നിവയുൾപ്പെടെ കാർഷിക ഉപകരണങ്ങളുടെ നികുതി 12 ശതമാനത്തിൽ നിന്ന് അഞ്ചു ശതമാനമായാണ് കുറച്ചത്. ഇതോടെ ഈ അവശ്യ ഉപകരണങ്ങൾ താങ്ങാവുന്ന വിലയിൽ കർഷകർക്ക് ലഭ്യമാവുകയാണ്.

ജൈവ കീടനാശിനികളും, സൂക്ഷ്മ പോഷകങ്ങളും അഞ്ചുശതമാനം GST സ്ലാബിൽ ഉൾപ്പെടുത്തിയതും കർഷകർക്ക് സഹായകമായി. ഇത് ജൈവാധിഷ്ഠിതവും സുസ്ഥിരവുമായ കാർഷിക ഉൽപ്പാദനത്തിന് വഴിയൊരുക്കുകയാണ്. കൂടാതെ വളം ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളായ അമോണിയം, സൾഫ്യൂറിക്ക് ആസിഡ്, നൈട്രിക് ആസിഡ് എന്നിവയ്ക്ക് ഇപ്പോൾ അഞ്ചു ശതമാനം മാത്രമാണ് GST ഈടാക്കുന്നത്. ഇത് ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നു. ഈ നികുതി ഇളവുകൾ കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാനും കൈത്തൊഴിൽ ചെലവ് കുറയ്ക്കാനും വിള ഉൽപ്പാദനം മെച്ചപ്പെടുത്താനും വഴിയൊരുക്കി.

✪✪✪

ദീപാവലി-ഛത്ത് ഉത്സവ വേളയിൽ 12,000-ത്തിലധികം പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തിയതായി റെയിൽവേ അറിയിച്ചു. ഇതിൽ മധ്യ റെയിൽവേ 1998 ദീപാവലി സ്പെഷ്യൽ ട്രെയിൻ സർവീസുകൾ നടത്തുന്നുണ്ടെന്ന് മധ്യറെയിൽവേ ജനറൽ മാനേജർ വിജയകുമാർ പറഞ്ഞു..

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്  മസ്കറ്റിൽ പ്രവാസി സംഗമത്തിൽ പങ്കെടുക്കും. ഇന്ത്യൻ സോഷ്യൽ ക്ലബ് ഒമാൻ കേരള വിഭാഗം അമറാത്തിൽ സംഘടിപ്പിക്കുന്ന ഇന്ത്യൻ കമ്മ്യൂണിറ്റി ഫെസ്റ്റിവൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും. നാളെ  സലാലയിൽ എത്തുന്ന മുഖ്യമന്ത്രി അൽ ഇത്തിഹാദ് സറ്റേഡിയത്തിൽ പ്രവാസോത്സവം - 2025 ഉദ്ഘാടനം ചെയ്യും. തുടർന്ന് മലയാളം മിഷൻ സലാല ചാപ്റ്ററും മുഖ്യമന്ത്രി  ഉദ്ഘാടനം ചെയ്യും.

✪✪✪

ഊർജ്ജ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ  രാവിലെ  മലമ്പുഴയിൽ ആരംഭിക്കും. മന്ത്രി K. കൃഷ്ണൻകുട്ടി ചടങ്ങിൽ ‘വിഷൻ 2031’ കരട് നയരേഖ കൊണ്ടുവരും. കഴിഞ്ഞ പത്തു വർഷത്തെ ഊർജ്ജ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ  സംബന്ധിച്ച റിപ്പോർട്ട് ഊർജ്ജ അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ അവതരിപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും  ഇന്നു കൂടി പങ്കുവയ്ക്കാം. പരിപാടിയുടെ 127 -ാം പതിപ്പ് മറ്റന്നാൾ പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

മയക്കുമരുന്നിനെതിരെ സംസ്ഥാനത്ത് സ്റ്റേറ്റ് നാർകോർട്ടിക് ബ്യൂറോ രൂപീകരിക്കുമെന്ന്  മന്ത്രി MB രാജേഷ് പറഞ്ഞു. പാലക്കാട്ട് എക്സൈസ് വകുപ്പിന്റെ 'വിഷൻ 2031' സംസ്ഥാന തല വികസന സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന നവീകരണം വകുപ്പിൽ ഏർപ്പെടുത്തുമെന്നും AI ഡിജിറ്റൽ ഇന്റലിജൻസ്,

ഡ്രോൺ നിരീക്ഷണം, തുടങ്ങിയ ആധുനിക സൗകര്യങ്ങൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

വടകരയിൽ നിന്ന് വിലങ്ങാട്- വയനാട് ബദൽ പാതയ്ക്ക് തടസ്സമായ വനമേഖലയെ കുറിച്ച് പഠിച്ച് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുമെന്ന് മന്ത്രി OR കേളു അറിയിച്ചു. വനപ്രദേശത്ത് ഉൾപ്പെടുന്ന കുങ്കിച്ചിറയിലെ പാരിസ്ഥിതിക ആഘാതം കുറച്ച് മേൽപ്പാലം നിർമ്മിക്കുന്നതിന്റെ സാധ്യതയാണ് പരിശോധിക്കുന്നതെന്ന് മന്ത്രി OR കേളു ചുരമില്ലാ പാത അവലോകന യോഗത്തിൽ പറഞ്ഞു.

ഏഴ് കിലോമീറ്റർ വനമേഖല വിട്ടുകിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും വിശദ പദ്ധതി റിപ്പോർട്ട് തയാറാക്കാനും മന്ത്രി നിർദ്ദേശിച്ചു. റോഡിന്റെ പ്രാഥമിക പരിശോധനയ്ക്ക് ഉടൻ അനുമതി നൽകാനും ചർച്ചയിൽ തീരുമാനമായി.

✪✪✪

ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ച് മുസ്ലിം വിഭാഗങ്ങൾക്ക് BJPയോട് വിരോധം കുറഞ്ഞു വരികയാണെന്ന് പാർട്ടി ദേശീയ വൈസ് പ്രസിഡന്റ് AP അബ്ദുല്ലക്കുട്ടി പറഞ്ഞു അതുകൊണ്ടാണ് മലപ്പുറത്തടക്കം മുസ്ലീം ന്യൂനപക്ഷങ്ങൾ BJPയിലേക്ക് കൂടുതലായി വന്നുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം വിലയിരുത്തി. പുതുതായി BJPലേക്ക് എത്തിയവർക്ക് പൂക്കോട്ടൂരിൽ അംഗത്വം നൽകുകയായിരുന്നു അബ്ദുല്ലക്കുട്ടി.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 968 പോയിന്റാണ് തലസ്ഥാന ജില്ല ഇതുവരെ സ്വന്തമാക്കിയത്. 109 സ്വർണ്ണം, 71 വെള്ളി, 110 വെങ്കലം എന്നിങ്ങനെയാണ് തിരുവനന്തപുരത്തിന്റെ സമ്പാദ്യം. 454 പോയിന്റുമായി തൃശൂർ രണ്ടാം സ്ഥാനത്തും, 426 പോയിന്റുമായി കണ്ണൂർ മൂന്നാമതുമാണ്. 408 പോയിന്റുമായി കോഴിക്കോട് ആണ് നാലാം സ്ഥാനത്ത്.

ഗെയിംസിലും നീന്തലിലും തിരുവനന്തപുരം മുന്നിട്ടു നിൽക്കുന്നു. ഗെയിംസിലെ 327 ഇനങ്ങൾ പൂർത്തിയായപ്പോൾ, തിരുവനന്തപുരത്തിന് 627 പോയിന്റുണ്ട്.

അത്‌ലറ്റിക്സിൽ 10 ഇനങ്ങൾ പൂർത്തിയായപ്പോൾ 38 പോയിന്റോടെ പാലക്കാട് ആണ് ഒന്നാം സ്ഥാനത്ത്. സ്കൂൾ വിഭാഗത്തിൽ 13 പോയിന്റ് വീതം നേടിയ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഹൈസ്കൂളും, കോഴിക്കോട് പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്കൂളുമാണ് മുന്നിൽ.

കായികമേളയിലെ ഇൻക്ലൂസീവ് കായികോത്സവത്തിൽ ഗെയിംസ് ഇനങ്ങളിൽ 44 പോയന്റുമായി കോഴിക്കോട് ജില്ല ചാമ്പ്യന്മാരായി. 36 പോയന്റ് നേടിയ പാലക്കാട് ജില്ല രണ്ടാം സ്ഥാനം നേടി. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ മാർച്ച്പാസ്റ്റിലും കോഴിക്കോട് ജില്ലയ്ക്കാണ് ഒന്നാംസ്ഥാനം.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമി ഫൈനലിൽ പ്രവേശിച്ചു. ഇന്നലെ നവി മുംബൈയിൽ ന്യൂസിലാന്റിനെ 53 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യയുടെ സെമി പ്രവേശം. മഴ തടസ്സപ്പെടുത്തിയ മത്സരത്തിൽ 49 ഓവറിൽ മൂന്ന് വിക്കറ്റിന് ഇന്ത്യ 340 റൺസെടുത്തു. സ്മൃതി മന്ദാനയും റാവലും നേടിയ സെഞ്ച്വറിയും അവരുടെ 212 റൺ കൂട്ടുകെട്ടും വനിതാ ലോകകപ്പിലെ റെക്കോർഡാണ്.

ന്യൂസിലാന്റ് മഴ നിയമപ്രകാരം 44 ഓവറിൽ നിന്ന് 325 റൺസ് എടുക്കേണ്ടിയിരുന്നു. എന്നാൽ എട്ട് വിക്കറ്റിന് 271 റൺസ് എടുത്ത് അവർ പുറത്തായി.

✪✪✪

സാഫ് ഗെയിംസിന്റെ നാലാം പതിപ്പിന് ഇന്ന് റാഞ്ചിയിലെ ബിർസ മുണ്ട സ്റ്റേഡിയത്തിൽ തുടക്കമാകും. ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, മാലിദ്വീപ്, എന്നിവ ഉൾപ്പെടെ ആറ് രാജ്യങ്ങളിൽ നിന്ന് ആകെ 206 അത്‌ലറ്റുകൾ 37 മെഡൽ ഇനങ്ങളിൽ മത്സരിക്കും.

✪✪✪

ബഹ്റിനിലെ മനാമയിൽ ഏഷ്യൻ യൂത്ത് ഗെയിംസിലെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കബഡിയിൽ ഇന്ത്യക്ക് ഇരട്ട സ്വർണം. ഇന്നലെ നേടിയ ഏഴ് മെഡൽ ഉൾപ്പെടെ ഇന്ത്യയുടെ മെഡൽ നേട്ടം പത്തായി. മൂന്ന് വെള്ളിയും അഞ്ച് വെങ്കലവും ഇതിൽ ഉൾപ്പെടുന്നു.

✪✪✪

അശ്രദ്ധമായി വാഹന മോടിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് കണ്ണൂർ RTOയ്ക്ക് നിർദ്ദേശം നൽകി. സീബ്രാ ക്രോസിലെ വരകൾ വ്യക്തമായി കാണാവുന്ന തരത്തിൽ നിർബന്ധമായി വരയ്ക്കണമെന്നും കമ്മീഷൻ പൊതുമരാമത്ത് വകുപ്പിനും നിർദ്ദേശം നൽകി.

ജൂലൈ 25 ന് സ്വകാര്യ ബസിടിച്ച് കണ്ണൂരിൽ സ്കൂട്ടർ യാത്രക്കാരനായ വിദ്യാർത്ഥി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader : നിമിഷ ജി,*
*NRTs:  അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*